22/11/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 916(2)/2021/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 7975/എസ്.ഐ.സി-ജി 6/21)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി ഭവാനി കെ.ഇ.,
കൃഷ്ണ നിവാസ്,
വേങ്ങാട് പി.ഒ.,
അഞ്ചരക്കണ്ടി,
പിൻ - 670 612. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
   പി.ഡബ്ലിയു.ഡി. ദേശീയപാതാ വിഭാഗം,
   കണ്ണൂർ.

2. അപ്പീൽ അധികാരി&
   എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
   പി.ഡബ്ലിയു.ഡി. ദേശീയപാതാ വിഭാഗം,
   കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.04.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 31.05.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.06.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23.06.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.07.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 26.07.2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.10.2021, ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായില്ല |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഭവാനി കെ.ഇ., 26.07.2021ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.916(2)/21/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരി 13.04.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) പാലാ ബസാർ-പടുവിലാക്കാവ്-ഊർപ്പള്ളി-വേങ്ങാട് റോഡ് വികസനത്തിന് ഭരണാനുമതിയും സാമ്പത്തിക അനുമതിയും ലഭിച്ച തീയതി നൽകണമെന്നും

2) പാലാ ബസാർ-പടുവിലാക്കാവ്-ഊർപ്പള്ളി-വേങ്ങാട് റോഡിന്റെ സാങ്കേതിക അനുമതി ലഭിച്ച തുകയും തീയതിയും നൽകണമെന്നും

3) പാലാ ബസാർ-പടുവിലാക്കാവ്-ഊർപ്പള്ളി-വേങ്ങാട് റോഡിന്റെ സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും നൽകണമെന്നും

4) മേൽപ്പടി റോഡ് വികസനം ഏതെങ്കിലും പദ്ധതിയിൽ നിന്ന് ഗതിമാറ്റി പുനർ നിശ്ചയിച്ച് ആവിഷ്ക്കരിച്ചതാണെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കണമെന്നും

5) മേൽ പ്രവൃത്തി ഏതെങ്കിലും പദ്ധതി ഗതിമാറ്റി പുനർ നിശ്ചയിച്ച് ആവിഷ്ക്കരിച്ചതാണെങ്കിൽ ടി പദ്ധതിയുടെ പേരും പദ്ധതിക്ക് വകയിരുത്തിയ സംഖ്യയും നൽകണമെന്നും തുടങ്ങി 33 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 31.05.2021ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടി യിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 23.06.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ യ്ക്കുള്ള മറുപടി 31.05.2021ലെ കത്തു പ്രകാരം ടി ഓഫീസിലെ രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് നൽകിയിട്ടുണ്ടെന്നും അതോ ടൊപ്പം തന്നെ 10, 12, 14, 15 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാത, ഉത്തരമേഖല കോഴി ക്കോടിന് നേരിട്ട് അപേക്ഷിച്ചാൽ ലഭിക്കുന്നതാണ് എന്ന വിവരമാണ് അറി യിച്ചത്.

4. രണ്ടാം എതിർകക്ഷി 27.08.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരി ടി ഓഫീസിൽ വിവ രാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ യിൽ 10/- രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിക്കാത്തതിനാൽ സ്റ്റാമ്പ് പതിച്ച് അപേക്ഷ നൽകാൻ 19.04.2021ലെ കത്തു പ്രകാരം ആവശ്യപ്പെടു കയും തുടർന്ന് 23.04.2021ന് 10/- രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് അപേക്ഷ ടി കാര്യാലയത്തിൽ തപാൽ മുഖേന ലഭ്യമാക്കുകയും ചെയ്തു വെന്നാണ്. എന്നാൽ 10.05.2021 മുതൽ നടപ്പിലാക്കിയ സമ്പൂർണ്ണ അടച്ചിടൽ കാരണം ഓഫീസ് അടഞ്ഞിരുന്നതിനാൽ 23.04.2021ന് ലഭിച്ച പരാതിക്ക് 31.05.2021നാണ് മറുപടി നൽകിയതെന്നും തുടർന്ന് ടിയാളുടെ അപേക്ഷ യിലെ 33 ചോദ്യത്തിനുള്ള മറുപടി (ടി കാര്യാലയത്തിൽ ലഭ്യമായ വിവര ങ്ങൾ) 31.05.2021ന് ഹർജിക്കാരിയ്ക്ക് നൽകിയിട്ടുണ്ടെന്നുമാണ്. തുടർന്ന് അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭ്യമായിട്ടില്ല എന്ന കാരണം സൂചിപ്പിച്ചു കൊണ്ട് 06.06.2021ന് ടി കാര്യാലയത്തിൽ അപ്പീൽ ഹർജി സമർപ്പിക്കുകയും പ്രസ്തുത അപ്പീലിന് 23.06.2021ൽ അപ്പീൽ അധികാരി ടിയാൾക്ക് മറുപടി നൽകിയെന്നുമാണ്. കൂടാതെ ടിയാളുടെ അപേക്ഷകളും ടി കാര്യാലയ ത്തിൽ നിന്നും നൽകിയ മറുപടികളുടെ പകർപ്പുകളും ഉള്ളടക്കം ചെയ്യുന്നു വെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരിയ്ക്ക് മറുപടി

നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കമ്മീഷൻ താഴെപ്പറയുന്ന നിഗമ നങ്ങളിൽ എത്തിച്ചേരുന്നു.

ഹർജിക്കാരിയുടെ അപേക്ഷയിലെ 10, 12, 14, 15 എന്നീ ഇനങ്ങൾക്ക് മറുപടി ലഭ്യമാകുന്നതിനായി പ്രസ്തുത വിവരം നിക്ഷിപ്തമായ ഓഫീസി ലേയ്ക്ക് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ടിയാളുടെ അപേക്ഷ കൈമാറി നൽകണമെന്നു കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 ഒക്ടോബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)